ഇറയം റിസർച്ച് ജേർണൽ

September-December 2024 Volume VIII Issue 3

# തീരദേശ ജനതയുടെ ദൃശ്യത : മലയാള സിനിമകളിലെ ഇടത്തെ മുൻനിർത്തിയുള്ള പഠനം

സ്വേജ് എസ്.

**സംഗ്രഹം:**

സ്ഥലത്തിലും കാലത്തിലും അടിസ്ഥാനമാക്കിയ കലാരൂപമാണ് ചലച്ചിത്രം. ചലച്ചിത്രത്തിലെ ഇടം ഒരു സാമൂഹിക നിർമ്മിതിയായി കണക്കാക്കുന്നു.സാംസ്കാരിക ഭൂമിശാസ്ത്രം മുൻനിർത്തി ഭൂമിശാസ്ത്രപരമായ അറിവുകൾ ഉപകരണമാക്കി ചലച്ചിത്രത്തെ പഠിക്കുവാൻ വേണ്ടി സാധിക്കും.കടൽ ആസ്പദമാക്കി ചിത്രീകരിച്ച തിരഞ്ഞെടുത്ത മലയാള സിനിമകളിലെ ഇടത്തെ അടിസ്ഥാനമാക്കി ജനജീവിതത്തെ മനസ്സിലാക്കാൻ വേണ്ടി കഴിയുന്നതാണ്. മലയാള സിനിമയിലെ തീരദേശ ജനതയുടെ ദൃശ്യത എങ്ങനെയുള്ളതാണെന്ന് ഈ പ്രബന്ധം അന്വേഷിക്കുന്നു. സാമൂഹികവും സാംസ്കാരികവുമായ ഘടകങ്ങളെ ഉപയോഗിച്ചുകൊണ്ട് തീരദേശ ജനതയെ വിശകലനം ചെയ്യുന്നു. മലയാള സിനിമയിൽ തീരദേശ ജനതയെ അപരിഷ്കൃതരും പിന്നോക്ക വിഭാഗവുമായാണോ ചിത്രീകരിച്ചിട്ടുള്ളതെന്ന് ഈ പ്രബന്ധം അന്വേഷിക്കുന്നു. കഥയുടെ ആഖ്യാനത്തിൽ തീരദേശ ജനതയുടെ പ്രാധാന്യം, തൊഴിൽ,ലിംഗം, താമസസ്ഥലം, മതം തുടങ്ങിയവ അപഗ്രഥിക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്. തീരദേശത്തെ ആസ്പദമാക്കി ചിത്രീകരിച്ച മാലിക്ക് (2021), തുറമുഖം (2023), കൊണ്ടൽ (2024) എന്നീ ചലച്ചിത്രങ്ങളെയാണ് പഠനത്തിനു വേണ്ടി തിരഞ്ഞെടുത്തിട്ടുള്ളത്.

**താക്കോൽ വാക്കുകൾ :**

ചലച്ചിത്രവും ഇടവും , ദൃശ്യത, സാംസ്കാരിക ഭൂമിശാസ്ത്രം, മലയാള സിനിമ, തീരദേശം

## ആമുഖം

മലയാള സിനിമയുടെ ആദ്യ നാളുകളിൽ സ്റ്റുഡിയോ മുറികളിൽ നിന്ന് തീരദേശ ദൃശ്യങ്ങൾ കൃതിമമായി സൃഷ്ടിച്ചെടുക്കുകയാണ് ചെയ്തിരുന്നത്.കാലക്രമേണ കൃതിമമായി സൃഷ്ടിച്ചെടുക്കുന്ന കാഴ്ചകളിൽ നിന്നും മാറി യഥാർത്ഥ കടൽ തീരങ്ങൾ തന്നെ

സിനിമകളിൽ പ്രദർശിപ്പിക്കുന്ന രീതി വന്നു.വിവിധ തീരദേശങ്ങളിലേക്ക് ചലച്ചിത്രത്തിന്റെ ആഖ്യാനങ്ങൾ വികസിച്ചത് കാണാൻ കഴിയും. തീരദേശ ഇടങ്ങളുടെ സവിശേഷതകൾ ചലച്ചിത്രങ്ങളിലൂടെ പ്രേക്ഷകന് നൽകുന്ന വിധത്തിൽ വിവിധ കഥകൾ ആവിഷ്കരിക്കപ്പെട്ടു.

ഭൂമിശാസ്ത്രപരമായ അറിവുകൾ ഉപകരണമാക്കി ചലച്ചിത്രത്തെ പഠിക്കുന്ന മേഖലയാണ് സിനിമാറ്റിക്ക് ജോഗ്രഫി. 1924 ൽ ചലച്ചിത്ര സൈദ്ധാന്തികനായ ബെലാ ബലാസ് ചലച്ചിത്രത്തിലെ ഭൂപ്രകൃതികളെയും മനുഷ്യരുടെ വ്യവഹാരങ്ങളെയും ബന്ധിപ്പിച്ച് പഠനം നടത്തുന്നുണ്ട്.സിനിമകളിലെ കഥാസന്ദർങ്ങളെയും കാവ്യാത്മകതയെയും മുൻനിർത്തി ഭൂപ്രകൃതികളെക്കുറിച്ചുള്ള വിവിധ പഠനങ്ങൾ രൂപപ്പെട്ടു. ചലച്ചിത്രത്തിനുള്ളിലുള്ള ഇടങ്ങളിൽ നിന്നും യഥാർഥ സ്ഥലങ്ങളിലോക്ക് ചലച്ചിത്ര പഠനത്തിന്റെ ചർച്ചകൾ ഉണ്ടായി. ഇത് ഒരു ദേശത്തിന്റെ പ്രതിനിധാനത്തെ വിശകലനം ചെയ്യുന്ന സാംസ്കാരിക ഭൂമിശാസ്ത്രത്തിന്റെ വികാസത്തിന് ഇടയാക്കിയെന്ന് ആന്റൺ എസ്ചർ നിരീക്ഷിക്കുന്നു.ഒരു പ്രദേശത്തെ ചലച്ചിത്രം എങ്ങനെ അടയാളപ്പെടുത്തുന്നുവെന്നതിനും ആ പ്രദേശത്തെ ജനതയുടെ പ്രതിനിധാനത്തെക്കുറിച്ച് മനസിലാക്കിതരുന്നതിനും സിനിമാറ്റിക്ക് ജോഗ്രഫി സഹായകരമാകുന്നു.ചലച്ചിത്രത്തിലെ കഥാപാത്രങ്ങൾക്ക് ക്രിയാവ്യവഹാരങ്ങളിൽ ഏർപ്പെടുവാനുള്ള ഇടമായി ചലച്ചിത്രത്തിലെ ഭൂമികകൾ വർത്തിക്കുന്നു. ചലച്ചിത്രത്തിലെ ഭൂപ്രകൃതികൾ കഥ ആഖ്യാനത്തിനു വേണ്ടിയുള്ള ഇടമായും സ്ഥലമായും ആകർഷണീയതയായും അവതരിപ്പിക്കപ്പെടുന്നുവെന്ന് ആൻഡ്രൂ ഹിഗ്സൺ നിരീക്ഷിക്കുന്നു. ലൂക്കിൻബെൽ ഭൂപ്രകൃതികൾ ഒരു സാമൂഹിക നിർമ്മിതി ആണെന്ന് സൂചിപ്പിക്കുന്നു. തീരദേശ ജനതയുടെ ദൃശ്യതയെ മനസിലാക്കുവാൻ ആ ജനതയും ഭൂപ്രകൃതിയും തമ്മിലുള്ള ബന്ധത്തെ വിശകലനം ചെയ്യുന്നതിലൂടെ സാധിക്കുന്നു. മലയാള സിനിമയിലെ തീരദേശ ജനതയുടെ ദൃശ്യതയെ ഇടങ്ങളെ മുൻനിർത്തി പഠിക്കുകയാണ് ഈ പ്രബന്ധം ചെയ്യുന്നത്. അതിനായി സമകാലിക മലയാള സിനിമയിലെ തീരദേശം മുൻനിർത്തി ചിത്രീകരിച്ച മൂന്ന് ചലച്ചിത്രങ്ങളെ തിരഞ്ഞെടുക്കുന്നു. മാലിക്ക് (2021),

തുറമുഖം (2023) , കൊണ്ടൽ (2024) എന്നീ ചലച്ചിത്രങ്ങളാണ് പഠിക്കുന്നത്. നെറേറ്റീവ് അനാലിസിസ് ഉപയോഗിച്ച് ചലച്ചിത്ര ആഖ്യാനത്തിൽ തീരദേശ ജനതയുടെ ദൃശ്യത എങ്ങനെയുള്ളതാണെന്ന് വിശകലനവിധേയമാക്കുന്നു.

**ചലച്ചിത്രവും ഇടവും**

ചലച്ചിത്രം എന്നത് ഒരു പാഠത്തിന്റെ അനുഭവമെന്നിതല്ലപരി ഇടത്തിന്റെ അനുഭവമാണെന്ന് മാർക്ക് ഷെയിൽ കരുതുന്നു. ചലച്ചിത്ര ആഖ്യാനത്തിലെ ഇടം അർത്ഥോദ്പാദനം സൃഷ്ടിക്കുന്നുവെന്ന് ഡേവിഡ് ബോർഡ് വെൽ നിരീക്ഷിക്കുന്നു. ചലച്ചിത്രങ്ങളിലെ ഇടത്തെ ഷോട്ട് നിർമിത ഇടം, എഡിറ്റിംങ്ങ് നിർമിത ഇടം , ശബ്ദ നിർമിത ഇടം എന്നിങ്ങനെ വേർതിരിക്കുന്നുണ്ട്. ക്യാമറ ഉപയോഗിക്കുന്ന വിധത്തിനനുസരിച്ച് ഇടത്തിന്റെ കാഴ്ചാനുഭവത്തിൽ വ്യത്യാസമുണ്ടാകുന്നു. കട്ടുകൾ മാറുന്നതിനനുസരിച്ച് ചലച്ചിത്രത്തിന്റെ അർത്ഥങ്ങൾക്കും മാറ്റം സംഭവിക്കുന്നു. പശ്ചാത്തല ശബ്ദത്തിന്റെയും അന്തരീക്ഷത്തിലെ ശബ്ദത്തിന്റെയും സഹായത്തോടെ നിർമിച്ചെടുക്കുന്നതാണ് സോണിക്ക് ഇടം.ചലച്ചിത്രപരമായ ആഖ്യാനത്തെ മുൻനിർത്തി ബോർഡ് വെലും തോംപ്സണും ഇടത്തെ വിശകലനം ചെയ്യുന്നു. ഹെൻറി ലെഫബേ "പ്രൊഡക്ഷൻ ഓഫ് സേപ്സ്" എന്ന ഗ്രന്ഥത്തിൽ ഇടം ഒരു വ്യവഹാരമായും പ്രതിനിധാനമായും സാമൂഹികഭാവനയുമായി വർത്തിക്കുന്നുവെന്ന് സൂചിപ്പിക്കുന്നു.ലെഫബേയുടെ സിദ്ധാന്തത്തെ മുൻനിർത്തി സാമൂഹ്യ യാഥാർത്ഥ്യങ്ങളുടെ പ്രതിഫലനമായി ഇടത്തെ മനസിലാക്കാവുന്നതാണ്. അതുകൊണ്ട് ചലച്ചിത്രങ്ങളിലെ ഇടങ്ങൾ ഒരു പ്രദേശത്തിന്റെ സാമൂഹിക ബന്ധങ്ങൾ വെളിപെടുത്തുന്നു.

2005 ൽ ജേണൽ ഓഫ് കൾച്ചറൽ ജോഗ്രഫി എന്ന ജേണലിൽ പ്രസിദ്ധീകരിച്ച 'സിനിമാറ്റിക് ലാൻഡ്സ്കേപ്പ്സ് ' എന്ന ലേഖനത്തിൽ ക്രിസ് ലുകിൻബെൽ ഭൂപ്രകൃതികൾ എങ്ങനെ ചലച്ചിത്രത്തിൽ ആവിഷ്കരിക്കപ്പെടുന്നു എന്നതിനുള്ള സൈദ്ധാന്തിക സമീപനം മുന്നോട്ടുവയ്ക്കുന്നു.ഭൂപ്രകൃതി ഇടമായും സ്ഥലമായും ആകർഷണ ദൃശ്യമായും ഉപമയായും കഥാപാത്രവുമായും ചലച്ചിത്രത്തിൽ ഉപയോഗിക്കുന്നു. വിവിധ തലത്തിലുള്ള ഭൂപ്രകൃതി ചിത്രീകരണത്തെക്കുറിച്ചുള്ള

ലൂക്കിൻബെലിന്റെ ആശയത്തെ മുൻനിർത്തി മലയാള സിനിമയിൽ സവിശേഷ തലങ്ങളിൽ കടൽ ആസ്പദമാക്കി ചലച്ചിത്രങ്ങൾ ചിത്രീകരിച്ചിട്ടുണ്ട് എന്ന് വിശകലനം ചെയ്യാൻ കഴിയുന്നതാണ്.സമകാലിക മലയാള സിനിമയിലെ തീരദേശ ഇടങ്ങളുടെ ചിത്രീകരണം എങ്ങനെയുള്ളതാണ് ? അത് തീരദേശ ജനതയുടെ ദൃശ്യതയെ ഏത് വിധത്തിലാണ് അടയാളപ്പെടുത്തുന്നത് ? എന്നീ ഗവേഷണ ചോദ്യങ്ങൾ ഈ പഠനം മുന്നോട്ട് വെക്കുന്നു. ചലച്ചിത്ര ഇടങ്ങളെ മുൻനിർത്തിയാണ് സാമൂഹിക ബന്ധങ്ങളെ പഠനം ചെയ്യുന്നത്.

**മലയാള സിനിമയും തീരദേശവും**

സാമൂഹികപരമായും ചരിത്രപരമായും കടലോരജീവിതങ്ങളെക്കുറിച്ചുള്ള ആഖ്യാനങ്ങൾ കേരളത്തിന്റെ സാമൂഹിക പരിസരത്തിൽ പ്രധാനമായിരുന്നു. സംഘകാലഘട്ടത്തിൽ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾക്കനുസരിച്ച് വിവിധ മേഖലകളാക്കി തരംതിരിച്ചിരിക്കുന്നതിൽ നെയ്തൽ തിണയാണ് തീരപ്രദേശത്തെ കുറിക്കുന്നത്.നെയ്തൽ എന്ന വാക്കിനർത്ഥം തീരദേശ ഭൂമിക എന്നാണ്.ജനസംഖ്യ കൂടുതലുള്ള പ്രദേശമായും മത്സ്യബന്ധനവും വ്യാപാരവും നടന്നിരുന്നതായും അഴിമുഖങ്ങളിൽ വലിയ കപ്പൽ അടുത്തിരുന്നതായും വ്യാപാരങ്ങളിലൂടെ ജനജീവിതം സമ്പന്നമായിരുന്നതാണെന്നും നെയ്തൽ പ്രദേശത്തെക്കുറിച്ച് ചരിത്രരേഖകളുണ്ട്.കേരളക്കരയും സിനിമയും തമ്മിലുള്ള സാംസ്കാരിക പ്രകൃതിയുടെ രൂപീകരണത്തിൽ പ്രധാന പങ്ക് വഹിക്കുന്ന ഒന്നാണ് സിനിമയുടെ ഭൂപ്രകൃതി ( ഡോ. ശ്രീദേവി പി , 2021 ).

ആദ്യ കളർചിത്രമായ കണ്ടംബെച്ചകോട്ടിൽ (1961) കപ്പലിനെയും തുറമുഖത്തെയും ചിത്രീകരിക്കുന്നുണ്ട്. നിർമിച്ചെടുത്ത സെറ്റുകളിൽ നിന്ന് ആകർഷണീയമായ പശ്ചാത്തല ദൃശ്യത്തിലേക്കും തുടർന്ന് കഥാഖ്യാനത്തിലേക്കും കടൽ മലയാള സിനിമയിൽ വികാസം പ്രാപിച്ചു.രാമു കാര്യാട്ടിന്റെ ചെമ്മീൻ (1965) കടൽ എന്ന ഭൂപ്രകൃതിയെ മുക്കുവരുടെ ജീവിതത്തിനു മുകളിൽ ധ്വനിപ്പിക്കുന്നുണ്ട്. സ്റ്റുഡിയോ കാലഘട്ടങ്ങളിൽ നിർമിച്ച വടക്കൻ പാട്ടു സിനിമകൾ മുതൽ കുഞ്ഞാലി മരക്കാർ

അറബിക്കടലിന്റെ സിംഹം (2021) വരെയുള്ള സിനിമകളിൽ കടൽ എന്നത് പുണ്യവും പാപവും തമ്മിലുള്ള ഏറ്റുമുട്ടൽ നടക്കാനുള്ള യുദ്ധഭൂമികയായി മാറുന്നു. ചലച്ചിത്രഗാനങ്ങളിൽ തീരം കമിതാക്കളുടെ പ്രണയത്തിന്റെയും ആഗ്രഹങ്ങളുടെയും ഇടമായി മാറുന്നു.കടൽ പ്രധാന കഥാപാത്രങ്ങളായുള്ള മലയാള സിനിമകൾ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്.മൂന്നാം പക്കം (1988), സീസൺ (1989) ,അമരം (1991) , ചമയം (1993) , തുമ്പോളി കടപ്പുറം (1995), മഹാസമുദ്രം (2006), പുതിയ തീരങ്ങൾ (2012),ഈ.മ.യു (2018) എന്നിങ്ങനെ കടലിനെ ആസ്പദമാക്കി വിവിധ കഥാഖ്യാനങ്ങൾ രൂപപെട്ടു.

"ഡീ ഫ്രെയിമിംങ് ജെന്റർ .നാഷണലിസം,ഏന്റ് സബ് അൾട്ടേൺ സ്പേസസ്" എന്ന പി.എച്ച്.ഡി. പ്രബന്ധത്തിൽ തീരദേശ ജനതയുടെ പ്രതിനിധാനത്തെകുറിച്ച് പഠിക്കുന്നുണ്ട്.കാർഷിക സമ്പദ്ഘടനയിൽ നിന്നും ജാതി വ്യവസ്ഥയിൽ നിന്നും വിഭിന്നമായ ജീവിതരീതികളാണ് തീരദേശ ജനതക്കുള്ളത്. ഇത് പൊതുമണ്ഡലത്തിൽ നിന്നും ഇവരെ മാറ്റിനിർത്തപ്പെട്ടവരായി ചലച്ചിത്രങ്ങളിൽ ചിത്രീകരിക്കുന്നതിന് ഇടയാക്കിയെന്ന് പ്രബന്ധം നിരീക്ഷിക്കുന്നു.ഭൂമിശാസ്ത്രപരമായ ഇടത്തെ സാംസ്കാരിക ഇടമായി വിശകലനം ചെയ്യുന്നതിലൂടെ കേരള സമൂഹത്തിന്റെ ആന്തരിക വൈരുദ്ധ്യങ്ങളിലേക്ക് മലയാള സിനിമാ ആഖ്യാനങ്ങൾ വെളിച്ചം വീശുന്നുവെന്ന് പഠനം സൂചിപ്പിക്കുന്നുണ്ട്.ചലച്ചിത്രവും ഇടവും, സാംസ്കാരിക ഭൂമിശാസ്ത്രം എന്നിവയുടെ സൈദ്ധാന്തിക പശ്ചാത്തലം മുൻ നിർത്തി സമകാലിക മലയാള സിനിമയിലെ തീരദേശ ജനതയുടെ ദൃശ്യതയെ പഠിക്കുകയാണ് ഈ പഠനം ചെയ്യുന്നത് .മലയാള സിനിമയിലെ തീരദേശ ജനതയുടെ ദൃശ്യത എങ്ങനെയുള്ളതാണെന്ന് പഠനം അന്വേഷിക്കുന്നു. അപരിഷ്കൃതരും പിന്നോക്കവിഭാഗവുമായിട്ടാണോ തീരദേശ ജനതയെ ചിത്രീകരിച്ചിട്ടുള്ളതെന്ന് പരിശോധിക്കുന്നു. കഥയുടെ ആഖ്യാനത്തിൽ തീരദേശ ജനതയുടെ പ്രാധാന്യം , തൊഴിൽ , ലിംഗം, താമസസ്ഥലം, ,മതം എന്നിവയെ വിശകലനം ചെയ്യുന്നു.സമകാലിക മലയാള സിനിമയിലെ മൂന്ന് ചലച്ചിത്രങ്ങളെ മുൻനിർത്തിയാണ് പഠനം നടത്തുന്നത്. തീരദേശം അടിസ്ഥാനമാക്കിയുള്ള ചലച്ചിത്രങ്ങളെ പർപ്പസീവ് സാംപ്ലിങ്ങിലൂടെ തിരഞ്ഞെടുക്കുന്നു.തുടർന്ന് നെറേറ്റീവ് അനാലിസിസ്

നടത്തുകയും തിരഞ്ഞെടുത്ത സാമൂഹിക സാംസ്കാരിക ഘടകങ്ങൾ എങ്ങനെയാണ് ചലച്ചിത്രത്തിൽ വർത്തിക്കുന്നതെന്നും കണ്ടെത്തുന്നു. മാലിക്ക് , തുറമുഖം , കൊണ്ടൽ എന്നീ ചലച്ചിത്രങ്ങളെയാണ് വിശകലനം ചെയ്യുന്നത്.

മഹേഷ് നാരായണൻ സംവിധാനം ചെയ്ത 2021ലെ മാലിക്ക്, തീരദേശ ജനതയെ മുൻനിർത്തിയുള്ള കഥാഖ്യാനം അവതരിപ്പിക്കുന്നു. അലിയുടെ ജീവിതയാത്രയിലൂടെ ചുറ്റുമുള്ള തീരദേശ നിവാസികളെയും പ്രദേശത്തിന്റെ രാഷ്ട്രീയമണ്ഡലത്തെയും ചലച്ചിത്രം ആവിഷ്കരിക്കുന്നു. അരികുവൽകരിക്കപ്പെടുന്ന പരിസരങ്ങളിലാണ് ചലച്ചിത്രം ചിത്രീകരിച്ചിട്ടുള്ളത്. തീരദേശ ജനതയുടെ വിശ്വാസങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന ആഖ്യാനമാണ് മാലിക്കിലുള്ളത്. തുറമുഖത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ കഥ അവതരിപ്പിക്കുകയാണ് രാജീവ് രവി സംവിധാനം ചെയ്ത തുറമുഖം (2023) എന്ന ചലച്ചിത്രം. ചാപ്പ സമ്പ്രദായവും അതിനെതിരെ നടന്ന സമരത്തെയും അടിസ്ഥാനമാക്കിയാണ് ചലച്ചിത്രം ആവിഷ്കരിച്ചിട്ടുള്ളത്. തുറമുഖത്ത് പണിയെടുക്കുന്ന ജനവിഭാഗങ്ങളുടെ ജീവിത യാഥാർത്ഥ്യങ്ങൾ ചലച്ചിത്രം അടയാളപ്പെടുത്തുന്നു.നിരവധി കഥാപാത്രങ്ങളെ അവതരിപ്പിക്കുകയും ബഹുധ്രുവങ്ങളിലായി കഥാഖ്യാനം വികസിക്കുകയും ചെയ്യുന്നു. തുറമുഖവും തൊഴിലാളികളും കടലും ആഖ്യാനത്തിൽ പ്രധാനപ്പെട്ടതാണ്. മുക്കുവ തൊഴിലാളിയായ മാനുവൽ നേരിടേണ്ടി വരുന്ന പ്രതിസന്ധികളെ ചിത്രീകരിക്കുകയാണ് അജിത്ത് മമ്പള്ളിയുടെ കൊണ്ടൽ (2024).അഞ്ചുതെങ്ങിലെ തീരദേശ ജനതയുടെ ഇടയിൽ നടക്കുന്ന മത്സ്യവ്യാപാരത്തെക്കുറിച്ചുള്ള തർക്കത്തിൽ നിന്നുമാണ് കഥാതന്തു വികസിക്കുന്നത്. കടൽതീരത്തിൽ തുടങ്ങുന്ന ചലച്ചിത്രം പിന്നീട് ആഴക്കടലിലേക്ക് ആഖ്യാനത്തെ വ്യാപിപ്പിക്കുന്നുണ്ട്.

**തീരദേശ ഇടങ്ങളുടെ പ്രാധാന്യം**

മൂന്നു ചലച്ചിത്രങ്ങളിലും കടലും തീരദേശ ജനതയും ആഖ്യാനത്തിന്റെ ഭാഗമായി മാറുന്നു.മാലിക്കിൽ തീരദേശജനതയുടെ വിശ്വാസങ്ങളും ഉപജീവനമാർഗ്ഗങ്ങളും രാഷ്ട്രീയവും പ്രതിഫലിക്കുന്നു. പ്രകൃതിദുരന്തങ്ങൾ തീരദേശ ജനതയിലുണ്ടാക്കുന്ന

ആഘാതം ചലച്ചിത്രത്തിൽ കാണിക്കുന്നുണ്ട്. പള്ളിയുടെ പറമ്പിലെ കൂരയിൽ നിന്ന് സ്കൂളിലേക്കും പിന്നീട് കള്ളക്കടത്തിലേക്കും ഒരു ജനതയുടെ നേതൃസ്ഥാനത്തിലേക്കുമുള്ള അലിയുടെ ജീവിതയാത്രയിൽ കടന്നുവരുന്ന കഥാപാത്രങ്ങളെല്ലാം തീരദേശ യാഥാർത്ഥ്യങ്ങളെ വെളിപെടുത്തുന്നവരാണ്. കടലും കടൽ തീരവും വിശ്വാസങ്ങളിലുറച്ച നിൽക്കുന്ന ജനതയും മാലിക്കിന്റെ ആഖ്യാനത്തിൽ പ്രധാനപ്പെട്ടതായി മാറുന്നു. തുറമുഖത്ത് പണിയെടുക്കുന്ന ജനതയെ ആസ്പദമാക്കിയതാണ് തുറമുഖം എന്ന ചലച്ചിത്രം. തീരദേശ ജനതയുടെ പാർപ്പിടങ്ങൾ ,തൊഴിലിടങ്ങൾ , തെരുവുകൾ എന്നിവ അടിസ്ഥാനമാക്കിയാണ് കഥാതന്തു വികസിക്കുന്നത്. തുറമുഖ തൊഴിലാളികളെ കേവലം പശ്ചാത്തലം എന്നതിലുപരി സാമൂഹിക -രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്ന ജനതയായി ചലച്ചിത്രത്തിൽ കാണാവുന്നതാണ്. ചാപ്പ സമ്പ്രദായത്തിനെതിരെ സമരം ചെയ്യുന്ന ഇടതുപക്ഷ തൊഴിലാളികളെ ചലച്ചിത്രം ചിത്രീകരിക്കുന്നു. കൊണ്ടലിൽ ആദ്യ ഭാഗങ്ങളിൽ തീരവും പിന്നീട് ആഴക്കടലും കഥാഖ്യാനത്തിന്റെ ഭാഗമാകുന്നു. ഹാർബറിൽ ചേർത്തുനിർത്തിയ വലിയ ബോട്ടിനെ നോക്കിനിൽക്കുന്നതിൽ നിന്നുമാണ് ആദ്യമായി മാനുവലിനെ ചലച്ചിത്രം പരിചയപ്പെടുത്തുന്നത്. തീരദേശ ജനതയുടെ ഉത്സവങ്ങൾ , കായിക വിനോദങ്ങൾ , വിശ്വാസങ്ങൾ , വ്യാപാരങ്ങൾ എന്നിവ കൊണ്ടൽ ചിത്രീകരിക്കുന്നു. വിവിധ ഏരിയൽ ഷോട്ടുകൾ ഉപയോഗിച്ച് തീരദേശത്തെ കൊണ്ടൽ പകർത്തിയെടുക്കുന്നു.

**തീരദേശ ജനതയുടെ തൊഴിൽ**

മൂന്നു ചലച്ചിത്രങ്ങളിലെ കേന്ദ്ര കഥാപാത്രങ്ങളും വിവിധ സംഘട്ടനങ്ങൾ നേരിടേണ്ടിവരുന്നുണ്ട്. മാലിക്കിൽ , അലി സ്കൂൾ പഠനത്തിന് ശേഷം കുറ്റകൃത്യങ്ങളിലേർപ്പെടുന്നു.തുടർന്ന് ഒരു ഗുണ്ടയായും കള്ളക്കടത്തുകാരനായും അലി ജീവിക്കുന്നു. കൊലപാതകിയും അധോലോക നായകനുമായി അലി മാറുന്നു ഹജ്ജിന് പോകുന്ന അലിയെ വിമാനതാവളത്തിൽ വെച്ച് തീവ്രവാദ പ്രവർത്തനത്തിന്റെ പേരിൽ പോലീസ് അറസ്റ്റ് ചെയ്യുന്നുണ്ട്. നിയമ വിരുദ്ധമായ മാർഗ്ഗങ്ങൾ ചെയ്യുന്നവരായ കഥാപാത്രങ്ങൾ മാലിക്കിൽ പ്രത്യക്ഷമാണ്.നിവിൻ പോളി അവതരിപ്പിച്ച മൊയ്ദുവിനെ സുഹൃത്തുക്കൾ

രാത്രി ഉറക്കത്തിൽ നിന്നും വിളിപ്പിച്ച കൊണ്ടുപോവുന്ന രംഗം ഉണ്ട്. കള്ളക്കടത്ത് ചെയ്യുന്ന മൊയ്‌ദുവിനെയാണ് അടുത്ത രംഗങ്ങളിൽ കാണുന്നത്. പിന്നീട് മൊയ്‌ദു എന്ന കഥാപാത്രം ഗുണ്ടയായി പ്രവർത്തിക്കുന്നു.ഇടതുപക്ഷ സമരനേതാക്കന്മാരെ മൊയ്‌ദു അക്രമിക്കുന്നുണ്ട് . കൊണ്ടലിലെ മാനുവൽ തീരദേശത്തെ സംഘർഷങ്ങൾക്ക് ശേഷമാണ് കടലിലേക്ക് പോകുവാൻ തീരുമാനിക്കുന്നത്.കൊണ്ടലിലെ ഗാനരംഗത്തിൽ മുക്കുവതൊഴിലാളികൾ നൃത്തം ചെയ്ത് പാടുന്നത് " ഒടക്കി വന്നാൽ ഞങ്ങളോട് ഒടക്കിരുന്നാൽ വിടുമോ ? കൈയൂക്കുള്ള ആൺപിള്ളേരാണ് എല്ലും പല്ലും കൂട്ടികെട്ടും " എന്നാണ്. ചലച്ചിത്രങ്ങളിലെല്ലാം തന്നെ കേന്ദ്ര കഥാപാത്രങ്ങൾ സംഘട്ടനങ്ങൾ ക്കിടയിൽ ജീവിക്കുന്നവരാണ്. ചുറ്റുമുള്ള കഥാപാത്രങ്ങൾ കുറ്റകൃത്യങ്ങളിലേർപ്പെട്ട് ജീവിക്കുന്നു. തീരദേശ ജനതയെ നിയമവിരുദ്ധമായ പ്രവൃത്തികൾ ചെയ്ത് ജീവിക്കുന്ന ജനവിഭാഗമായാണ് ചലച്ചിത്രങ്ങളിൽ കാണുവാൻ കഴിയുന്നത്.

വർഗ്ഗത്തെക്കുറിച്ചുള്ള സൂചനകൾ ചലച്ചിത്രങ്ങളിലുണ്ട്. തുറമുഖം എന്ന ചലച്ചിത്രം മട്ടാഞ്ചേരി തുറമുഖത്തിൽ നിലനിന്നിരുന്ന ചാപ്പ സമ്പ്രദായത്തെ ചിത്രീകരിക്കുന്നുണ്ട്. കൂലി തൊഴിലാളികളുടെ ഇടയിലേക്ക് നാണയം വലിച്ചെറിയുകയും അത് കിട്ടുന്നവർക്ക് അന്നത്തെ ജോലി കിട്ടുകയും ചെയ്യുന്നു.ഇത് അവസാനിപ്പിക്കാൻ ഇടതുപക്ഷ യൂണിയൻ സമരം ചെയ്യുന്നു.മുതലാളി -അടിമ എന്നിങ്ങനെ രണ്ടായി തീരദേശ ജനതയെ ചിത്രീകരിക്കുന്നു.ജോലി ചെയ്തവർക്ക് കൂലി നിഷേധിക്കുന്നുണ്ട്. സ്രാങ്ക് എന്ന കഥാപാത്രം പണി ചെയ്താൽ കൂലി കിട്ടില്ലേ എന്ന് ചോദിക്കുന്നുണ്ട്. അനീതിക്കെതിരെ സംസാരിച്ചതിന് സ്രാങ്കിനെയും മൈമുവിനെയും മുതലാളികൾ കൊന്നുകളയുന്നു.മുതലാളികൾ കസേരയിൽ ഇരിക്കുന്നത് ആവർത്തിച്ച് ചിത്രീകരിക്കുന്നു. മേലാള വർഗ്ഗത്തിന്റെ സൂചനയാണിത്. കീഴാള ജനത നിൽക്കുകയാണ് ചെയ്യുന്നത്. കെട്ടിടങ്ങളുടെ അകത്തളങ്ങൾ മേലാളവർഗ്ഗത്തിനും കെട്ടിടങ്ങൾക്കിടയിലുള്ള തെരുവുകളും ഇടവഴികളും വിപ്ലവപ്രവർത്തകരുടേതുമായി മാറുന്നുണ്ട്. തെരുവുകളിൽ തൊഴിലാളികളുടെ മൊണ്ടാഷ് എൻഡ് ക്രെഡിറ്റ്സിൽ കൊടുക്കുന്നുണ്ട്.കൊണ്ടലിലും ചെറുകിട മത്സ്യ തൊഴിലാളികളും വൻകിട മുതലാളികളും തമ്മിലുള്ള അന്തരം

കാണിക്കുന്നുണ്ട്. ദാരിദ്രത്തിലൂടെ കടന്നുപോകുന്ന കഥാപാത്രങ്ങളെ മൂന്ന് ചലച്ചിത്രങ്ങളിലും കാണാൻ കഴിയും.

**ലിംഗ പദവി**

ലിംഗത്തെ അടിസ്ഥാനമാക്കി ചലച്ചിത്രം രണ്ട് ഇടങ്ങൾ നിർമിക്കുന്നതായി പഠനത്തിൽ നിന്നും വ്യക്തമാകുന്നു. മൂന്ന് ചലച്ചിത്രങ്ങളിലും സ്ത്രീകൾ അഭിനയിക്കുന്ന ഭൂരിഭാഗം രംഗങ്ങളും വീടുകൾക്ക് അകത്താണ്. പുരുഷന്മാർ പുറം ലോകത്തെ കാര്യങ്ങളിലേർപ്പെട്ട് ജീവിക്കുകയും സ്ത്രീകൾ വീട്ടുപണികൾ ചെയ്ത് മുറികൾക്കുള്ളിൽ ജീവിക്കുകയും ചെയ്യുന്നു.സ്ത്രീകളുടെ ചിത്രീകരണത്തിൽ സമാനത ചലച്ചിത്രങ്ങളിൽ പ്രത്യക്ഷമാണ്.

തുറമുഖത്തിൽ , ഭക്ഷണം ഉണ്ടാക്കുക, കുട്ടികളെ നോക്കുക, അടുത്ത വീട്ടിലെ സ്ത്രീകളെ സഹായിക്കുക എന്നിവയാണ് മൊയ്‌ദുവിന്റെ അമ്മ ചെയ്യുന്നത്. ഈ ഇടങ്ങളാണ് സ്ത്രീകൾക്ക് ചലച്ചിത്രത്തിലുള്ളത്.അടുക്കളയിലേക്കു വേണ്ട ജലം എടുക്കാൻ പോവുന്നതും ഓല മേയാൻ പോകുന്നതും മാത്രമാണ് പുറംലോകവുമായി ബന്ധപ്പെട്ട് സ്ത്രീകളെ ചിത്രീകരിക്കുന്നത്.തുറമുഖം അവസാനിക്കുന്നത് സമരത്തിനിടയിൽ തൊഴിലാളികൾ വെടിയേറ്റ് തെരുവിൽ വീഴുന്ന രംഗങ്ങളിലാണ്. ഒരുപാട് സ്ത്രീകൾ കൂര വിട്ട് പുറത്തേക്ക് വന്ന് കരഞ്ഞുകൊണ്ട് തെരുവിലൂടെ ഓടുന്നത് ദൃശ്യമാകുന്നു. സഹനത്തിന്റെയും കണ്ണീരിന്റെയും പാത്രമായി സ്ത്രീകളെ ചിത്രീകരിക്കുകയാണ് ചെയ്യുന്നത്. രാഷ്ട്രീയവും സാമ്പത്തികവുമായ ഇടങ്ങളിൽ നിന്ന് തീരദേശ സ്ത്രീകളെ ഈ ചലച്ചിത്രം മാറ്റിനിർത്തുന്നുണ്ട്. കൊണ്ടലിലെ നായിക കഥാപാത്രം ആദ്യമായി ദൃശ്യമാകുന്നത് അടുക്കളയിൽ ഭക്ഷണം ഉണ്ടാക്കുന്നതിൽ നിന്നുമാണ്. ഭർത്താവ് എവിടെ എന്ന് ചോദിക്കുമ്പോൾ ക്ലബിലാണ് എന്നാണ് മറുപടി നൽകുന്നത്. ഈ ചലച്ചിത്രത്തിലും ഏകതാനത രൂപപ്പെടുന്നു. മാനുവൽ മത്സ്യവില്പനയുമായി ബന്ധപ്പെട്ട തർക്കത്തിൽ ഗുണ്ടകളുമായി സംഘട്ടന രംഗങ്ങളിലേർപ്പെടുന്നു. തുടർന്ന് ഭാര്യ വീട്ടിൽ നിന്ന് മാനുവലിനോട് ദേഷ്യപ്പെടുന്നു. മാനുവൽ തിരിച്ച് കടലിലേക്ക് പോകുവാൻ നടപ്പാതയിലേക്ക് ഇറങ്ങി സഞ്ചരിക്കുമ്പോൾ പിന്നാലെ ഭാര്യ ഓടിവന്ന് കരഞ്ഞ്

ആലിംഗനം ചെയ്യുന്നു. സ്ത്രീ എന്നത് ത്യാഗങ്ങൾ സഹിക്കുന്നവളാണെന്നുള്ള മാതൃക ഈ ചലച്ചിത്രത്തിലും ആവർത്തിക്കുന്നു. മാലിക്കിൽ സ്വന്തമായ അഭിപ്രായമുള്ള സ്ത്രീ കഥാപാത്രങ്ങൾ കടന്നുവരുന്നുണ്ട്.എന്നിരുന്നാലും പുരുഷന്മാരെ ചിത്രീകരിക്കുന്ന തുറന്ന ഇടം സ്ത്രീകൾക്ക് കൊടുക്കുന്നില്ല എന്ന് നിരീക്ഷിക്കപ്പെടുന്നു. മാലിക്കിൽ ഡാൻസ് ബാറിനെ മുൻനിർത്തി ഒരു രംഗം ദൃശ്യമാകുന്നു. അവിടെ എത്തുന്ന അലിയും സുഹൃത്തുക്കളും ആ രാത്രി ആഘോഷിക്കുകയാണ്. ഡാൻസ് ബാറിൽ നൃത്തം ചെയ്യുന്ന സ്ത്രീകളും മാറി നിൽക്കുന്ന സ്ത്രീകളെയും ചിത്രീകരിക്കുന്നുണ്ട്. ഒരേ ഇടത്തിൽ തന്നെ രണ്ട് സ്ത്രീകളുടെ മാതൃകകൾ പരസ്പരം കണ്ടുമുട്ടുന്നു.മൂന്ന് ചലച്ചിത്രങ്ങളിലും സ്ത്രീ കഥാപാത്രങ്ങളെ ചിത്രീകരിക്കുന്നതിൽ സാമ്യതകൾ പ്രത്യക്ഷമാകുന്നുണ്ട്.

**തീരദേശ ജനതയുടെ താമസസ്ഥലം**

തീരദേശജനത കേരളത്തിന്റെ പൊതുസമൂഹത്തിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്ന വിധത്തിലാണ് ചലച്ചിത്രങ്ങളിൽ ചിത്രീകരിക്കരിക്കപ്പെട്ടിട്ടുള്ളത്. ചലച്ചിത്രങ്ങൾ അപര ഇടങ്ങൾ നിർമിക്കുന്നുണ്ട്. തുറമുഖത്തിൽ , ജനതയുടെ താമസസ്ഥലം പൊതുമണ്ഡലങ്ങളിൽ നിന്നും മാറിയാണ് നിലനിൽക്കുന്നത്. ഒരു ചെറിയ കായൽ അതിരുകളായി മാറുന്നു. പാലം കടന്നുകൊണ്ടാണ് പുറംലോകത്തിലേക്ക് ജനത പണിയെടുക്കുവാൻ പോകുന്നത് . ഇവിടെ പാലം എന്നത് പൊതു സമൂഹത്തെയും തീരദേശ ജനതയെയും ബന്ധിപ്പിക്കുന്ന ഒന്നായി വർത്തിക്കുന്നു. മാലിക്കിൽ , റമദാൻ പള്ളിയുടെ അതിരുകൾ വിട്ട് അലി പോകാറില്ല. പള്ളിയുടെ പരിസരം വിട്ട് പുറത്തേക്ക് പോയത് അലിയെ അറസ്റ്റ് ചെയ്യുന്നതിനിടയാക്കിയിട്ടുണ്ട്. "ഈ റമദാപള്ളിക്കാരുടെ ഇടയിൽ നിന്ന് എന്നെ കൊണ്ടുപോകാൻ പറ്റുമെങ്കിൽ അങ്ങ് കൊണ്ട് പോകു സാറെ " എന്ന് അലി സബ് കലക്ടറോട് പറയുന്നുണ്ട്. പള്ളിക്കാർ നിൽക്കുന്ന സ്ഥലം ഒരു ഉപദേശീയത നിർമിക്കുന്നു

തുറമുഖം ,കൊണ്ടൽ എന്നീ രണ്ട് ചലച്ചിത്രങ്ങളും തുടങ്ങുന്നത് ഏരിയൽ ഷോട്ട് ഉപയോഗിച്ചാണ്. ജനങ്ങൾ തിങ്ങിപാർക്കുന്ന ഇടങ്ങളായി ചിത്രീകരിച്ചിക്കുവാനാണ് ഈ ഷോട്ട് തിരഞ്ഞെടുത്തിട്ടുള്ളത്. മൂന്ന് ചലച്ചിത്രങ്ങളിലും ആൾക്കാർ തിങ്ങിപാർ

ക്കുന്നതിന്റെ ഷോട്ടുകൾ ആവർത്തിച്ച് വരുന്നുണ്ട്. ഓല മേഞ്ഞ കൂര , ദാരിദ്ര്യം നിഴലിക്കുന്ന വീടുകങ്ങൾ എന്നിവ ചലച്ചിത്രങ്ങളിൽ കാണുവാൻ കഴിയുന്നു.പാർപ്പിടങ്ങൾക്കിടയിലുള്ള ഇടവഴികൾ തീരദേശജനതയുടെ ജീവിതത്തിലെ പ്രധാന ഇടമായി വർത്തിക്കുന്നു.

**തീരദേശ ജനതയും മതവും**

തീരദേശ ജനതയെ ചിത്രീകരിക്കുമ്പോൾ ചലച്ചിത്രങ്ങൾ മതത്തിന്റെ സൂചനകൾ നൽകുന്നുണ്ട്. കൊണ്ടലിലെ ആദ്യ രംഗങ്ങളിൽ തന്നെ മാനുവലിനെ ധ്യാനത്തിന് വിട്ടു അച്ചടക്കമുണ്ടാക്കാൻ ശ്രമിച്ചതിനെകുറിച്ച് സൂചിപ്പിക്കുന്നുണ്ട്.ക്രെഡിറ്റ് സീനിൽ പള്ളിയുടെ പശ്ചാത്തലത്തിൽ നൃത്തം ചെയ്യുന്ന തീരദേശ ജനതയെ കാണാനാവുന്നതാണ്. മത്സ്യ വിൽപ്പനയുമായി ബന്ധപ്പെട്ട തർക്കപരിഹാരത്തിൽ പള്ളീലച്ചൻ മധ്യസ്ഥത വഹിക്കുന്നത് പള്ളിയുടെ മുമ്പിൽ നിന്നാണ് . പ്രശ്നപരിഹാരങ്ങൾക്ക് മതത്തിലേക്ക് അഭയം തേടുന്ന തീരദേശ ജനതയെ ദൃശ്യമാകുന്നു. കൊണ്ടലിൽ ആഘോഷത്തിനും അഭയത്തിനുമുള്ള ഇടമായി പള്ളി വർത്തിക്കുന്നു.

മാലിക്കിൽ മതം തീരദേശജനതയുടെ ജീവിതത്തിൽ ഇഴചേർന്നു നിൽക്കുന്നു.പള്ളിയുടെ പരിസരത്തിൽ നിന്നാണ് ചലച്ചിത്രം ആരംഭിക്കുന്നത്. ചലച്ചിത്രത്തിലെ അലിയുടെ ആദ്യ സംഭാഷണം "ഉമ്മയോട് പറയണം, ഞാൻ നെറിയുള്ള കാശുകൊണ്ടാണ് ഹജ്ജിന് പോകുന്നതെന്ന്" എന്നാണ്. ആദ്യ ഷോട്ടിൽ തന്നെ "പടച്ചോനു നിരക്കാത്ത പണി നിർത്തിയാൽ ആരെയാണ് പേടിക്കേണ്ടത് "എന്ന് അലി ചോദിക്കുന്നുണ്ട്.പള്ളിക്ക് പുറത്ത് എത്തുന്ന അലിയുടെ അനുഗ്രഹം വാങ്ങിക്കാൻ തീരദേശജനത നിൽക്കുകയും അലി അസ്സെലാമലൈക്കും എന്നു പറയുമ്പോൾ ആദരവോടെ ജനത മാലൈക്ക് അസലാം എന്ന് പറയുന്നു.ഈ രംഗത്തിൽ പശ്ചിമേഷ്യൻ സംഗീതത്തോടു സാമ്യതയുള്ള പശ്ചാത്തല സംഗീതം ഉയർന്നുവരുന്നു. ആദ്യരംഗങ്ങളിൽ തന്നെ മതത്തെയും പള്ളിയെയും അലിയെയും തീരദേശജനതയുടെയും ജീവിതത്തിൽ ഇഴചേർക്കുന്നു. പള്ളിമുറ്റത്തേക്ക് പനിയുമായി എത്തുന്ന അലിയുടെ ബാല്യകാലം കാണിക്കുന്നുണ്ട്. പള്ളി തന്നെ കൂരയിലാണ് അലി വളരുന്നത്.

ഇവാന്തുറക്കാരും റമദാൻ പള്ളിക്കാരും ഒരുമിച്ച പഠിക്കുന്ന സ്കൂൾ ചലച്ചിത്രത്തിൽ കടന്നുവരുന്നുണ്ട്. തുടർന്ന് റമദാൻ പള്ളിക്കാരുടെയും തീരദേശ ജനതയുടെയും നേതാവായി അലി മാറുന്നു.അലിയുടെ ഭാര്യ ക്രൈസ്തവ വിശ്വാസിയാണ്.മതത്തിന്റെ ഇടങ്ങളിൽ നിന്നുകൊണ്ടാണ് കഥാതന്തു വികസിക്കുന്നത്.

തുറമുഖത്തിലെ സ്ത്രീകളെ തട്ടം ഇട്ട് പരമ്പരാഗത മുസ്ലിം വേഷവിധാനത്തിൽ ആണ് ചിത്രീകരിക്കുന്നത്. സ്രാങ്കിന്റെ അന്ത്യകർമ്മങ്ങൾ ചെയ്യുന്നത് മുസ്ലിം മതപണ്ഢിതന്മാരുടെ സാന്നിധ്യത്തിലാണ്. ലാ ഇലാഹാ ഇല്ലള്ളാ എന്ന് ചൊല്ലുന്നത് കേൾക്കുവാൻ കഴിയുന്നു. സൂഫി സംഗീത ഉപകരണങ്ങൾ കൊണ്ടുള്ള പശ്ചാത്തല സംഗീതം ഈ രംഗത്ത് കൊടുത്തിരിക്കുന്നു.ഉമാനിയുടെ വീട്ടിൽ ഉണ്ടായ മരണത്തിന്റെ രംഗങ്ങളിൽ ഇസ്ലാം മത ആചാരങ്ങൾക്ക് അനുസരിച്ച് ജീവിക്കുന്ന ജനതയെ കാണുവാൻ കഴിയും.പച്ച നിറത്തിലുള്ള തുണി പൊതിഞ്ഞ ശവപ്പെട്ടി ചുമന്ന് നടക്കുന്ന രംഗത്തിൽ മതപണ്ഡിതന്മാരുടെ സാന്നിധ്യമുണ്ട്. ഖദീജയുടെ വിവാഹ ചടങ്ങുകൾ നടത്തുന്നതിന് മുസ്ലിം പണ്ഢിതരെ മുൻനിർത്തി അറബിക്ക് ഭാഷയിലാണ് രംഗം ദൃശ്യമാകുന്നത്.വിവാഹത്തിലും മരണത്തിലും മതത്തിന്റെ സ്വാധീനം സിനിമകളിൽ ചിത്രീകരിച്ചിരിക്കുന്നു.ജൂത മതവിശ്വാസികൾ പ്രാർത്ഥന ചൊല്ലി തെരുവുകളിലൂടെ നടന്നു പോകുന്ന രംഗമുണ്ട്.അതിൽ ജൂതന്മാരുടെ മതചിഹ്നം ഉയർത്തിപ്പിടിക്കുന്ന വിധത്തിലാണ് ജനാവലിയെ ചിത്രീകരിച്ചിട്ടുള്ളത്.ഇസ്ലാം, ക്രൈസ്തവ , ജൂത മതവിശ്വാസങ്ങളാണ് ചലച്ചിത്രങ്ങളിലെ തീരദേശ ജനതയുടെ ജീവിതത്തിൽ പ്രത്യക്ഷമാകുന്നത്. ഈ മൂന്ന് മതങ്ങളും കടൽവഴിയുള്ള വ്യാപാരത്തിലൂടെ കേരളത്തിലേക്ക് വന്നതിനാൽ കേരളത്തിന്റെ ചരിത്രപരമായ ഇടങ്ങളിലേക്ക് ഈ പ്രാതിനിധ്യങ്ങൾ വിരൽചൂണ്ടുന്നു.

**ഉപസംഹാരം**

മലയാള സിനിമയിലെ തീരദേശ ജനതയുടെ ദൃശ്യത സാമൂഹിക-സാംസ്കാരിക ഘടകങ്ങളെ മുൻനിർത്തി അന്വേഷിക്കുകയാണ് ഈ പഠനത്തിൽ ചെയ്തിട്ടുള്ളത്. മൂന്ന് ചലച്ചിത്രങ്ങളിലെ ഇടങ്ങളെ ആസ്പദമാക്കി വിശകലനം ചെയ്യുന്നതിലൂടെ സമകാലിക

മലയാള സിനിമയിൽ തീരദേശ ജനതയെ എങ്ങനെയാണ് ചിത്രീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുന്നു.കേരളത്തിന്റെ സാമൂഹിക പരിസരത്ത് നിന്നും വ്യത്യസ്തമായ ജനതയായി തീരദേശത്തെ ജനതയെ ചിത്രീകരിക്കുന്നു. തീരദേശ ജനതയെക്കുറിച്ചുള്ള നിരവധി ശൈലികളും ആഖ്യാനങ്ങളും മാതൃകകളും ചലച്ചിത്രങ്ങളിൽ ആവർത്തിച്ചുവരുന്നതായി പഠനം കണ്ടെത്തുന്നു. നിയമവിരുദ്ധ പ്രവർത്തനങ്ങളിലേർപ്പെടുന്നവരായും മതവിശ്വാസങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നവരായും അപരിഷ്കൃതരും പിന്നോക്കവിഭാഗക്കാരുമായും തീരദേശ ജനതയെ ചിത്രീകരിക്കുന്നത് ചലച്ചിത്രങ്ങളിൽ കാണുവാൻ കഴിയുന്നു. ആഖ്യാനങ്ങളിൽ സ്ത്രീകൾ അധികവും വീട്ടിനകത്തും പുരുഷൻ പുറത്തുള്ള ഇടങ്ങളിലും കാണപ്പെടുന്നു. മുഖ്യധാരാ മലയാള സിനിമ നിർമിച്ചെടുത്ത ഈ വേർതിരിവ് മൂന്ന് ചലച്ചിത്രങ്ങളിലും പ്രത്യക്ഷമാണ്. ആൾക്കാർ തിങ്ങിപാർക്കുന്ന ഇടവും ഇടുങ്ങിയ നടപ്പാതകളും ചലച്ചിത്രങ്ങളിൽ ആവർത്തിച്ചു കടന്നുവരുന്നു. ചലച്ചിത്രത്തിലെ ഇടങ്ങൾ സാമൂഹിക ബന്ധങ്ങളെ പ്രതിഫലിപ്പിക്കുന്നു.ചലച്ചിത്രങ്ങൾ കേരളത്തിന്റെ സാംസ്കാരിക പ്രകൃതിയിൽ തീരദേശ ജനതയെ രൂപപ്പെടുത്തിയെടുക്കുന്നുണ്ട്.

**ഗ്രന്ഥസൂചി**


- എസ്ചർ, ആന്റൺ . “ ദ ജോഗ്രഫി ഓഫ് സിനിമ- എ സിനിമാറ്റിക് വേൾഡ്".എർദ്കുന്ദെ.ബി.ഡി.60. എച്ച്.4.2006.
- പി, ശ്രീദേവി , "മലയാള സിനിമയുടെ കടലിടങ്ങൾ.” ദ മലബാർ ജേണൽ.2021.
- ബോർഡ് വെൽ ,തോംപ്സൺ "ഫിലിം ആർട്ട് ഏൻ ഇൻട്രുഡക്ഷൻ ".മക് ഗ്രൂ ഹിൽ.1979.
- ലുക്കിൻബെൽ, ക്രിസ് .“ സിനിമാറ്റിക് ലാൻഡ്സ്കേപ്പ്" . ജേണൽ ഓഫ്കൾച്ചറൽ ജോഗ്രഫി.23.1: 3-22. 2005.
- ലെഫബ്വെ, ഹെൻറി . "ദ പ്രൊഡക്ഷൻ ഓഫ് സ്പേസ് “. ബ്ലാക്ക് വെൽ.1991.

- ഷെയ്ൽ, മാർക്ക്. “സിനിമ ഏന്റ് ദ സിറ്റി ഇൻ ഹിസ്റ്ററി ഏന്റ് തിയറി”.ഓക്സ്ഫോർഡ്.2001.
- സാം,മാത്യു."ഡീ ഫ്രെയിമിംങ് ജെന്റർ.നാഷണലിസം,ഏന്റ് സബ് അൾട്ടേൺ സ്പേസസ് : മലയാളം സിനിമ 1970-1990”.കാലിക്കറ്റ് സർവ്വകലാശാല 2022.
- ഹിഗ്സൺ,ആൻഡ്രൂ . “ സ്പേസ് , പ്ലേസ് , സെപ്പാകൾ". സ്ക്രീൻ.25.4-5:2-21.1984.



സ്വേജ് എസ്.

ഗവേഷക വിദ്യാർത്ഥി,

ചലച്ചിത്ര പഠന വിഭാഗം ,

തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല, തിരൂർ.

ഇ.മെയിൽ : swejsram7@gmail.com

ഫോൺ : 9496886925.